**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് -കോവിഡ് 19 – ലോക്ക് ഡൗൺ - വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.468/2021/നി.വ തീയതി,തിരുവനന്തപുരം, 15/07/2021

---

പരാമർശം:- 20/05/2021 തീയതിയിലെ വ്യാപാരി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 2684/TWB-1/2021 നംപർ കത്ത് .

**<u>ഉത്തരവ്</u>**

കോവിഡ്-19 മൂലം ദുരിതമനുഭവിക്കുന്ന ക്ഷേമ നിധി ബോർഡ് അംഗങ്ങൾക്ക് 1000 രൂപ വീതം ധനസഹായം നൽകുമെന്ന് 14/05/2021 തീയതിയിലെ പത്രസമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നു. അത് പ്രകാരം വ്യാപാരി ക്ഷേമ നിധി ബോർഡിലെ 45000 അംഗങ്ങൾക്കും വ്യാപാരി ക്ഷേമ നിധി ബോർഡിന്റെ തനതുഫണ്ടിൽ നിന്നും 1000/- രൂപ വീതം ധനസഹായം നൽകുന്നതിനുള്ള സർക്കാർ അനുമതിയും ടി തുക വിതരണം ചെയ്യുന്നതിൽ സുതാര്യത ഉറപ്പാക്കുവാൻ വേണ്ട മാർഗ്ഗരേഖയും നൽകണമെന്നും വ്യാപാരി ക്ഷേമ നിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. വ്യാപാരി ക്ഷേമനിധി ബോർഡിലെ പെൻഷൻ ലഭിക്കുന്ന 9000 അംഗങ്ങൾക്കൊഴികെ, അർഹരായ എല്ലാ അംഗങ്ങൾക്കും 1000/- രൂപ വീതം ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതിനായി ബോർഡിന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ തുറന്നിട്ടുള്ള STSB No.799010100191966-ൽ എന്ന അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും 3 . 6 കോടി രൂപ ഉപയോഗിക്കേണ്ടതാണ്.

വിവിധ ആശ്വാസധനസഹായ വിതരണങ്ങളിലെ ഇരട്ടിപ്പും അവ്യക്തതയും ഒഴിവാക്കുന്നതിനും സാമൂഹ്യക്ഷേമ പെൻഷൻ, മറ്റ് പെൻഷനുകൾ ഉൾപ്പെടെയുള്ള വിവിധ കോവിഡ്കാല ധനസഹായം ഇതിനകം കൈപ്പറ്റിയവരേയും ഒഴിവാക്കിക്കൊണ്ട് ആധാർ നമ്പർ ബന്ധിതമായി ടിധനസഹായം വിതരണം ചെയ്യുന്നതിനായി വ്യാപാരി ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

അനർഹമായോ ഇരട്ടിപ്പായോ ധനസഹായം കൈപ്പറ്റുന്നവരിൽ നിന്നും അത് നൽകുന്നവരിൽ നിന്നും പ്രസ്തുത തുക ഈടാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിനി .ജെ .ഷുക്കൂര്
അഡിഷണൽ സെക്രട്ടറി

പകർപ്പ്

1.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വ്യാപാരി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം

2.സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം

3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

5.ധനകാര്യ വകുപ്പ് (24/06/2021 തീയതിയിലെ 1767408/EXP B1/2021ധന പ്രകാരം)

6. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

7. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Anilkumar.s
Date: 16-07-2021 11:37:39
Reason: Approved
സെക്ഷൻ ഓഫീസർ